# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3255** **07.11.2019-ൽ മറുപടിയ്ക്ക്**

**ഇടക്കൊച്ചി ഗവ. ഫിഷ് ഫാമിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി ഗവൺമെന്റ് ഫിഷ് ഫാമിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 28.10.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) ഇടക്കൊച്ചി ഗവൺമെന്റ് ഫിഷ് ഫാമിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.10.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഇടക്കൊച്ചി ഫിഷ് ഫാമിൽ മത്സ്യ വിൽപനയ്ക്കായുള്ള കൗണ്ടർ, ഫാമിൽ തന്നെ നിർമ്മിക്കുന്നതിന് തീരുമാനിച്ചു<br>2) മത്സ്യം വാങ്ങാൻ വരുന്നവർക്കും സന്ദർശകർക്കും ഫാമിലേക്ക് കടക്കുന്നതിനായി ഒരു പാലം (പരമാവധി 2 മീറ്റർ വീതി) നിർമ്മിക്കണമെന്ന് തീരുമാനിച്ചു. ആയതിന്റെ എസ്റ്റിമേറ്റ് എടുക്കുന്നതിനും ഒരു മാസത്തിനുള്ളിൽ സമർപ്പിക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തി. പാലം നിർമ്മാണത്തിന് ബഹു.തൃപ്പൂണ്ണിത്തുറ എം.എൽ.എ., ശ്രീ.എം.സ്വരാജ് അവർകളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതിനായി ശ്രമിക്കേണ്ടതാണെന്ന് തീരുമാനിച്ചു.<br>3) ഫാമിലേക്ക് അടിയന്തിരമായി വാട്ടർ കണക്ഷൻ എടുക്കുന്നതിന് അടിയന്തിരമായി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ആയതിന്റെ ചെലവ് ബഹു.എം.എൽ.എ. ശ്രീ.ജോൺ ഫെർണാണ്ടസിന്റെ പ്രാദേശിക വികസന ഫണ്ടിൽ |

നിന്ന് ലഭ്യമാക്കുന്നതാണെന്ന് ബഹു.എം.എൽ.എ. അറിയിച്ചു.

4) ഇടക്കൊച്ചി ഫാമിലെ കെട്ടിട നിർമ്മാണത്തിനായി തയ്യാറാക്കിയിരിക്കുന്ന പ്ലാനിൽ ഓഫീസ് കെട്ടിടം 1000 ചതുരശ്ര അടിയിൽ ഒതുക്കി ടൂറിസം സന്ദർശകർക്ക് അനുയോജ്യമായ രീതിയിൽ മറ്റു സൗകര്യങ്ങൾക്കായി ടോയ്ലറ്റ്, സന്ദർശക ഹാൾ, കിച്ചൺ എന്നിവ ഉൾപ്പെടുത്തി പുതുക്കിയ പ്ലാൻ, സ്ഥലം സന്ദർശിച്ച് ചർച്ച ചെയ്ത് തയ്യാറാക്കുന്നതിന് ഫിഷറീസ് ഡയറക്ടർ, അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തി. ഈ നിർമ്മാണങ്ങൾ അനുമതി ലഭിച്ച 2.2 കോടി രൂപയ്ക്കുള്ളിൽ നിർത്തി നടത്തേണ്ടതാണെന്ന് തീരുമാനിച്ചു.

5) സന്ദർശകർക്കായി ഫാമിൽ വിനോദത്തിനായുള്ള സൗകര്യങ്ങൾ (പെഡൽ ബോട്ട്, കരിങ്കൽ ടൈൽ പാകിയ നടപ്പാത, ഇരിക്കുവാനുള്ള ബെഞ്ച്, മഷ്റൂം ഹട്ടുകൾ, ലഘുഭക്ഷണ കൗണ്ടർ മറ്റിനങ്ങൾ) ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ബി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണങ്ങളെന്തെന്ന് വിശദമാക്കാമോ;

ബി) ഇടക്കൊച്ചി ഫിഷ്ഫാമിൽ കേരള സംസ്ഥാന തീരദേശ വികസനകോർപ്പറേഷൻ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇടക്കൊച്ചി ഫിഷ്ഫാമിൽ 3 ഘട്ടമായി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നതിൽ 2 ഘട്ടം പൂർത്തീകരിച്ചു. മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. എന്നാൽ ഭരണാനുമതി പ്രകാരമുള്ള തുക ഇല്ലാത്തതിനാൽ 29.10.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ പ്രകാരം നടപ്പിലാക്കേണ്ട പാലം നിർമ്മാണത്തിനുള്ള 46 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, ബോട്ട് ജെട്ടി, ഫെൻസിംഗ്, അക്വാടൂറിസവുമായി ബന്ധപ്പെട്ട് ലാൻഡ്സ്കേപ്പിംഗ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 70 ലക്ഷം രൂപയുടെ

| | |
|---|---|
| | എസ്റ്റിമേറ്റും ഉൾപ്പെടെ 116 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ബഹു. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. |
| സി) ഫിഷ് ഫാമിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | സി) ഇടക്കൊച്ചി ഫിഷ്ഫാമിൽ നടന്നു വരുന്ന നിർമ്മാണപ്രവൃത്തികൾ 2020 ഓടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ആഫീസർ**